**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 456** **24-08-2022 - ൽ മറുപടിയ്ക്ക്**

**പടന്നക്കാട് മേൽപ്പാലം -വെള്ളരിക്കുണ്ട് റോഡ് കിഫ്ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പടന്നക്കാട് മേൽപ്പാലം -വെള്ളരിക്കുണ്ട് റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതിക്ക് കിഫ്ബി അനുമതി നൽകിയോ എന്ന് അറിയിക്കുമോ; | (എ) | കാസർഗോഡ് ജില്ലയിലെ പടന്നക്കാട് ഓവർ ബ്രിഡ്ജ് - വെള്ളരിക്കുണ്ട് റോഡ് നിർമ്മാണത്തിന്റെ ഒന്നാം ഘട്ടമായി ഇതിൽ ഉൾപ്പെടുന്ന 3 പാലങ്ങൾക്ക് 26.02.2021-ലെ PWD015-102/APR-2/2021/KIIFB നം നടപടിക്രമ ഉത്തരവ് പ്രകാരം ധനാനുമതി നൽകിയിട്ടുണ്ട്.<br><br>ഇതോടൊപ്പം റോഡ് നിർമ്മാണം കൂടി ഉൾപ്പെടുത്തുന്നതിന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB), സമർപ്പിച്ച പുനരവലോകന ശിപാർശ പരിശോധിച്ച് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നു. ആയതിന് എസ്.പി.വി സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ കിഫ്ബി അധിക വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് എസ്.പി.വി സമർപ്പിച്ച വിവരങ്ങൾ നിലവിൽ കിഫ്ബിയിൽ പരിശോധനയിലാണ്. |
| (ബി) | അനുമതി നൽകുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | സാങ്കേതിക അവലോകന റിപ്പോർട്ടിന് എസ്.പി.വി സമർപ്പിച്ച മറുപടി നിലവിൽ കിഫ്ബി പരിശോധിച്ച് വരികയാണ്. ആയത് തൃപ്തികരമാണെങ്കിൽ പുനരവലോകനം കിഫ്ബി അംഗീകരിച്ച്, തുകയിലുണ്ടാകുന്ന വ്യതിയാനത്തിന്റെ തോതനുസരിച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തലത്തിലോ എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് തലത്തിലോ അംഗീകരിച്ച് പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിക്ക് എന്നത്തേക്കു അനുമതി നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | മേൽ വിവരിച്ച പ്രക്രിയകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതുക്കിയ ധനാനുമതി ഉത്തരവ് കിഫ്ബിയിൽ നിന്നും പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ